64 (2212) ക്രഷുകളുടെ പ്രവർത്തനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, സർക്കാർ ഇതര വ്യവസായ ശാലകളോട് അനുബന്ധിച്ച് ശിശുപരിപാലനത്തിനുള്ള എത്ര ക്രഷുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്തെ സർക്കാർ കാര്യാലയങ്ങളോടനുബന്ധിച്ച് എത്ര ക്രഷുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ക്രഷുകളിൽ ശിശുപരിപാലനത്തിനും വിനോദത്തിനുമായി എന്തെല്ലാം സൗകര്യങ്ങളുണ്ട്;

(സി) പ്രസ്തുത ക്രഷുകളിൽ ടെലിവിഷൻ സെറ്റുകൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

65 (2213) ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ പ്രവർത്തനം

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന സി.പി. ഡബ്ല്യൂ. പി. സെന്ററുകൾ ഏത് വർഷമാണ് ഐ.സി.ഡി.എസ്. പ്രോജക്ടിൽ പൂർണ്ണമായി ലയിപ്പിച്ചത്;

(ബി) കേരളത്തിൽ മുഴുവൻ ബ്ലോക്കുകളും എന്നാണ് ഐ.സി.ഡി. എസ്. പ്രോജക്ടുകളായി പ്രഖ്യാപിച്ചത്;

(സി) ഐ.സി.ഡി.എസ്. പ്രോജക്ടായി പ്രഖ്യാപിച്ചപ്പോൾ ബാലവാടികളിൽ ജോലിചെയ്തിരുന്ന ടീച്ചർമാർ, ഹെൽപ്പർമാർ എന്നിവർക്ക് തുടർന്നു ജോലി ചെയ്യുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടോ;

(ഡി) ഇവർക്ക് എന്തെങ്കിലും പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ലോകബാങ്കിൽനിന്നും ഐ.സി.ഡി.എസ്. പ്രോജക്ടിനായി എന്തു തുക ധനസഹായം ലഭിച്ചിട്ടുണ്ട്; ഈ പണം ഈ മേഖലയുടെ വികസനത്തിന് മാത്രമായിട്ടാണോ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) കേരള അംഗൻവാടി സ്കൂൾ സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സർക്കാരിന് നൽകിയ അവകാശപത്രികയിലെ എന്തെങ്കിലും ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്ത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സി.പി.ഡബ്ല്യൂ.പി. സെന്ററുകൾ പൂർണ്ണമായും ഐ.സി.ഡി.എസ്. പ്രോജക്ടിൽ ലയിപ്പിച്ചു കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ബ്ലോക്കിലും ഐ.സി.ഡി.എസ്. പദ്ധതി പ്രവർത്തനക്ഷമമാക്കുമ്പോൾ ടി ബ്ലോക്കിൽ പ്രവർത്തിക്കുന്ന സി.പി.ഡബ്ല്യൂ.പി. സെന്ററുകളെ അംഗൻവാടി സെന്ററുകളായി മാറ്റുകയാണ് ചെയ്യുന്നത്. 2000-2001 വർഷത്തോടുകൂടി എല്ലാ ബ്ലോക്കുകളിലും ഐ.സി.ഡി.എസ്. പദ്ധതി ആരംഭിച്ചു കഴിയുമ്പോൾ സി.പി. ഡബ്ല്യൂ.പി. സെന്ററുകൾ പൂർണ്ണമായും ഐ.സി.ഡി.എസ്. പ്രോജക്ടിൽ ലയിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് ഐ.സ്.ഡി.എസ്. പദ്ധതി തുടങ്ങുവാൻ ബാക്കിയുണ്ടായിരുന്ന 43 പ്രോജക്ടുകളിൽ കൂടി പദ്ധതി തുടങ്ങുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് 30-8-99-ലെ ജി.ഒ. (എം.എസ്)36/99/ സാക്ഷേവ. പ്രകാരമാണ്.

(സി) ഐ.സി.ഡി.എസ്. പ്രോജക്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ബ്ലോക്കുകളിലും പ്രവർത്തിച്ചുകൊണ്ടിരുന്ന ബാലവാടി ടീച്ചർമാരെയും ഹെൽപ്പർമാരെയും തുടർന്ന് അംഗൻവാടി വർക്കർമാരായും, ഹെൽപ്പർമാരായും ജോലി ചെയ്യുന്നതിന് അവസരം നൽകിയിട്ടുണ്ട്.

(ഡി) പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

(ഇ) കേരളത്തിലെ മുഴുവൻ ബ്ലോക്കുകളിലും ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിനായി പുതിയതായി ആരംഭിക്കുന്ന 3 ഐ.സി.ഡി.എസ്. പദ്ധതിക്കും നിലവിലുള്ള 37 ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി 152.44 കോടി രൂപയുടെ സഹായം ലോകബാങ്ക് അനുവദിച്ചിട്ടുണ്ട്. ഈ പണം ഈ മേഖലയുടെ വികസനത്തിന് മാത്രമായിട്ടാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. ഇത് താഴെ പറയും പ്രകാരം ചെലവഴിക്കുന്നതാണ്.

1)	സർവീസ് ക്വാളിറ്റി ഇമ്പ്രൂവ്മെന്റ്	-	2325.67 ലക്ഷം
2)	വിമൻസ് എംപവർമെന്റ്	-	71.19 ലക്ഷം
3)	സ്റ്റാഫിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്	-	9988.64 ലക്ഷം
4)	മാനേജ്മെന്റ് ആന്റ് ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്പ്മെന്റ്	-	907.30 ലക്ഷം
5)	കമ്മ്യൂണിറ്റി മൊബിലൈസേഷൻ ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ	-	500.00 ലക്ഷം
6)	മോണിറ്ററിംഗ് ഇവാലുവേഷൻ	-	360.94 ലക്ഷം
7)	ട്രെയിനിംഗ്	-	94.00 ലക്ഷം
8)	കണ്ടിജൻസി	-	997.00 ലക്ഷം
	ആകെ	-	15244.74 ലക്ഷം

(എഫ്) ഉണ്ട്. കേരള അംഗൻവാടി സ്കൂൾ സ്റ്റാഫ് അസോസിയേഷൻ സമർപ്പിച്ച അവകാശപത്രികയിൽ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ നിലവിൽ വരുമ്പോൾ പ്രസ്തുത പ്രദേശത്തുള്ള യു.ആർ.എഫ്.സി. ഹെൽപ്പർമാരെ ഐ.സി.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശം ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly